പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1791 **26-10-2026-ൽ മറുപടിയ്ക്ക്**

കെ.എസ്.ആർ.ഇ.സി. ലെ താൽക്കാലിക നിയമനങ്ങളും പ്ലാൻ പ്രോജക്ടുകളിലെ നിയമന നടപടികളും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. എം. എം. നസീർ	ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

(എ) പ്ലാനിങ് ആൻഡ് എക്കണോമിക് അഫയേഴ്സ് വകുപ്പിന് കീഴിലുള്ള കേരള സ്റ്റേറ്റ് റിമോട്ട് സെൻസിങ് ആൻഡ് എൻവയോൺമെന്റ് സെന്ററിൽ (കെ.എസ്.ആർ.ഇ.സി.) താൽക്കാലിക ജീവനക്കാർക്ക് 2026 ഓഗസ്റ്റ് 1 മുതൽ പുനർനിയമനം നൽകിയത് സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങിയിട്ടാണോ;വ്യക്തമാക്കുമോ;

മറുപടി:

കെ.എസ്.ആർ.ഇ.സി.യിലെ താത്കാലിക പ്രോജക്ട് ജീവനക്കാരുടെ കരാർ ഒരു ദിവസത്തെ സർവീസ് ബ്രേക്ക് നൽകി 27-07-2026 മുതൽ 31-03-2027 വരെ (പരമാവധി 8 മാസം) പുതുക്കിയത് സർക്കാരിന്റെ മുൻകൂർ അനുമതിയോടെയല്ല. എന്നാൽ ഇത് നിലവിലെ ചട്ടങ്ങൾ പാലിച്ചും പ്രവർത്തനപരമായ അത്യാവശ്യകത മുൻനിർത്തിയുമാണ്. 28.04.2017-ലെ സ.ഉ.(പി) നം. 56/2017/ധന ഉത്തരവിലെ ഖണ്ഡിക (ii) പ്രകാരം, കരാർ അടിസ്ഥാനത്തിലുള്ള നിയമനം ഒരു വർഷത്തേയ്ക്ക് മാത്രം പരിമിതപ്പെടുത്താവുന്നതും, വകുപ്പ് മേധാവിയ്ക്ക് ബോധ്യപ്പെടുന്ന പക്ഷം ഒരു വർഷത്തേയ്ക്ക് കൂടി സേവനം ദീർഘിപ്പിച്ച് നൽകാവുന്നതുമാണ്. നിലവിലെ നിയമനം 2 വർഷത്തെ പരിധി ലംഘിക്കാത്തതിനാൽ, പ്രത്യേകം മുൻകൂർ സർക്കാർ അനുമതിയുടെ ആവശ്യകതയില്ല. K-GIS, CRZ മാപ്പിംഗ്, റവന്യൂ വരുമാനവുമായി ബന്ധപ്പെട്ട നെൽവയൽ-തണ്ണീർത്തട സാറ്റലൈറ്റ് റിപ്പോർട്ടുകൾ തുടങ്ങിയ സർക്കാരിന്റെ മുൻഗണന പദ്ധതികൾ തടസമില്ലാതെ സമയബന്ധിതമായി പൂർത്തിയാക്കാനാണ് പ്രവൃത്തി പരിചയമുള്ളവരും പരിശീലനം ലഭിച്ചവരുമായ ജീവനക്കാരുടെ സേവനം തുടർന്നത്. പൂർണ്ണമായും പ്രോജക്ട് അധിഷ്ഠിതവും താൽകാലികവുമായ ഈ പുനർനിയമനം ക്രമവൽക്കരണത്തിനോ മറ്റ് സർവ്വീസ് ആനുകൂല്യങ്ങൾക്കോ ഉള്ള യാതൊരു അവകാശവും നൽകുന്നതുമല്ല.

(ബി) പ്ലാൻ പ്രോജക്ടുകളിൽ ജീവനക്കാരെ നിയമിക്കുന്നത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ആണോ;

മറുപടി: കെ.എസ്.ആർ.ഇ.സി.യിൽ പ്ലാൻ പ്രോജക്ടുകളിൽ ജീവനക്കാരെ നിയമിച്ച് വരുന്നത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ആയിരുന്നു. എന്നാൽ, വിവിധ പദ്ധതികളിലേക്ക് ആവശ്യമായ യോഗ്യതയും പ്രവൃത്തിപരിചയവും ഉള്ള ഉദ്യോഗാർഥികളുടെ അഭാവത്തിൽ, 27.5.2025-ലെ കെ.എസ്.ആർ.ഇ.സി.യുടെ എക്സിക്യൂട്ടീവ് കമ്മിറ്റി, 2025-26 സാമ്പത്തിക വർഷം മുതൽ ഒരു പാനൽ സെലക്ഷൻ പ്രക്രിയയിലൂടെ ഒരു വർഷത്തേക്ക് പ്ലാൻ പ്രോജക്ടുകളിൽ ജീവനക്കാരെ നിയമിക്കുന്നതിനായി തീരുമാനിക്കുകയും, പ്ലാൻ പ്രോജക്ടുകളുടെ ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് ഉടനടി പ്രസ്തുത പാനലിൽ നിന്നും ജീവനക്കാരെ പദ്ധതികളിൽ നിയോഗിക്കുന്നതിനായും തീരുമാനിച്ചു. അപ്രകാരം, എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ പ്രത്യേക അനുമതിയോടെ ഒരു ഓപ്പൺ ആന്റ് മെറിറ്റ് ബേസ്ഡ് സെലക്ഷൻ പ്രക്രിയയിലൂടെ ഒരു പാനൽ രൂപീകരിച്ച് വിവിധ പ്ലാൻ പ്രോജക്ടുകൾ

നടപ്പിലാക്കുന്നതിനുള്ള ആവശ്യകതയുടെ അടിസ്ഥാനത്തിലാണ് 2025-26 സാമ്പത്തിക വർഷത്തിൽ താൽകാലിക ജീവനക്കാരെ നിയമിച്ചത്. അപ്രകാരം നിയമിച്ചവരുടെ സേവന കാലാവധി, 31.03.2027 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

2025-26, 2026-27 സാമ്പത്തിക വർഷങ്ങളിൽ താൽകാലിക ജീവനക്കാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ചിട്ടില്ല.

(സി) 2025-2026, 2026-2027 സാമ്പത്തിക വർഷങ്ങളിൽ എത്ര താൽകാലിക ജീവനക്കാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന കെ.എസ്.ആർ.ഇ.സി.യിൽ നിയമിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

മറുപടി: കെ.എസ്.ആർ.ഇ.സി.യിൽ പ്ലാൻ പ്രോജക്ടുകളിൽ ജീവനക്കാരെ നിയമിച്ച് വരുന്നത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ആയിരുന്നു. എന്നാൽ, വിവിധ പദ്ധതികളിലേക്ക് ആവശ്യമായ യോഗ്യതയും പ്രവൃത്തിപരിചയവും ഉള്ള ഉദ്യോഗാർഥികളുടെ അഭാവത്തിൽ, 27.5.2025-ലെ കെ.എസ്.ആർ.ഇ.സി.യുടെ എക്സിക്യൂട്ടീവ് കമ്മിറ്റി, 2025-26 സാമ്പത്തിക വർഷം മുതൽ ഒരു പാനൽ സെലക്ഷൻ പ്രക്രിയയിലൂടെ ഒരു വർഷത്തേക്ക് പ്ലാൻ പ്രോജക്ടുകളിൽ ജീവനക്കാരെ നിയമിക്കുന്നതിനായി തീരുമാനിക്കുകയും, പ്ലാൻ പ്രോജക്ടുകളുടെ ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് ഉടനടി പ്രസ്തുത പാനലിൽ നിന്നും ജീവനക്കാരെ പദ്ധതികളിൽ നിയോഗിക്കുന്നതിനായും തീരുമാനിച്ചു. അപ്രകാരം, എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ പ്രത്യേക അനുമതിയോടെ ഒരു ഓപ്പൺ ആന്റ് മെറിറ്റ് ബേസ്ഡ് സെലക്ഷൻ പ്രക്രിയയിലൂടെ ഒരു പാനൽ രൂപീകരിച്ച് വിവിധ പ്ലാൻ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനുള്ള ആവശ്യകതയുടെ അടിസ്ഥാനത്തിലാണ് 2025-26 സാമ്പത്തിക വർഷത്തിൽ താൽകാലിക ജീവനക്കാരെ നിയമിച്ചത്. അപ്രകാരം നിയമിച്ചവരുടെ സേവന കാലാവധി, 31.03.2027 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

2025-26, 2026-27 സാമ്പത്തിക വർഷങ്ങളിൽ താൽകാലിക ജീവനക്കാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ